വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ.സി1/35717/2011.

തൈക്കാട്, തിരുവനന്തപുരം - 14,
തീയതി, 24-9-2011.

ട്രെയിനിംഗ് ഡയറക്ടർ.

എല്ലാ ഗവൺമെന്റ്/പ്രൈവറ്റ് ഐ.റ്റി.ഐ.,
പ്രിൻസിപ്പാൾമാർക്കും.

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ഐ.റ്റി.ഐ. പ്രവേശനം - എസ്സ്.സി./എസ്സ്.റ്റി. വിഭാഗത്തിന് സംവരണം ചെയ്ത ഒഴിവുകളിൽ ജനറൽ ട്രെയിനികൾക്ക് പ്രവേശനം നല്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 23-12-2010-ലെ സ:ഉ (സാധാ) നമ്പർ.2071/2010/തൊഴിൽ കത്ത്.

2. ഈ ഓഫീസിലെ ഇതേ നമ്പരിലുള്ള 26-7-2011-ലെ കത്ത്.

-----

സൂചനയിലെ ഉത്തരവിലേയ്ക്കും, കത്തിലേയ്ക്കും താങ്കളുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു. എൻ.സി.വി.റ്റി. കോഴ്സുകളിൽ ഈ വർഷത്തെ അഡ്മിഷൻ ക്ലോസിംഗ് തീയതി, 30-9-2011 വരെയാക്കി ഡി.ജി.ഇ.റ്റി. പുതുക്കി നിശ്ചയിച്ചിരിക്കുകയാണ്. എസ്സ്.സി./എസ്സ്.റ്റി. വിഭാഗക്കാർക്ക് സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ അഡ്മിഷൻ നടക്കാത്ത സീറ്റുകളിൽ ജനറൽ വിഭാഗത്തിലെ കുട്ടികൾക്ക് പ്രവേശനം നല്കുന്നത് സംബന്ധിച്ച സൂചന (1)-ലെ സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട നടപടികൾ സൂചന (2)-ലെ കത്ത് പ്രകാരം നല്കിയിരുന്നു. ഈ വർഷത്തെ അഡ്മിഷൻ ക്ലോസിംഗ് തീയതി, 30-9-2011 ആയി പുതുക്കി നിശ്ചയിച്ചിരിക്കുന്നതിനാൽ ഇതു സംബന്ധിച്ച അനുമതി നോഡൽ ഐ.റ്റി.ഐ.കളിൽ നിന്നും 30-9-2011-ന് വാങ്ങേണ്ടതാണ്. സൂചന (2) കത്തിലെ മറ്റെല്ലാ നിർദ്ദേശങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്. 30-9-2011-ന് ശേഷം അഡ്മിഷൻ നല്കാൻ പാടുള്ളതല്ല.

താങ്കളുടെ വിശ്വസ്തൻ,

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി.

പകർപ്പ്:- 1. എല്ലാ നോഡൽ ഐ.റ്റി.ഐ., പ്രിൻസിപ്പാൾമാർക്കും. (കത്തിന്റെ പകർപ്പ് താങ്കളുടെ പരിധിയിൽ വരുന്ന എല്ലാ ഗവൺമെന്റ്/പ്രൈവറ്റ് ഐ.റ്റി.ഐ., പ്രിൻസിപ്പാൾമാർക്കും അയച്ചു കൊടുക്കേണ്ടതും കൈപ്പറ്റ് രസീത് വാങ്ങി അയച്ചു തരേണ്ടതാണ്).

2. എല്ലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും (കത്തിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിയ്ക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നോഡൽ ഐ.റ്റി.ഐ., പ്രിൻസിപ്പാൾമാർക്ക് നല്കേണ്ടതുമാണ്).

ഹ/24.9